ശ്രീ. ആർ. ശങ്കർ : സ്പെക്യുൽ ചിറ്റിന്റെ പ്രകാരം നൽ കൊടുക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസ് വേണം.

ശ്രീ. എ. താണുപിള്ള : തിരുവിതാംകൂർ കൊച്ചി ഫാക്ടറികളും എന്നും തിരുവിതാംകൂർ കൊച്ചി നെയ്ത്തുകാരെന്നും ഉള്ള അടിസ്ഥാനത്തിൽ കണക്കാക്കി തിരുവിതാംകൂർ ഭാഗത്തുള്ള നെയ്ത്തുകാക്ക് കുറച്ച് നൽ കൊടുക്കുന്നതു് ശരിയല്ലെന്നു ധരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ചെയ്യുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ൩൦,൦൦൦ തറികളും ഉണ്ടെന്നു പറഞ്ഞതു് മുഴുവനും യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ൩൦,൦൦൦ തറികളും എന്നുള്ളതു് കുറച്ച് അധികമാണെന്നു് തോന്നുന്നുണ്ടു്. അതുകൊണ്ടു് തറികളുടേയും നെയ്ത്തുകാരുടേയും ഒരു സെൻസസ് എടുക്കാൻ വിചാരിക്കുന്നുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു് : സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ഒരു ചോദ്യം ചോദിക്കുന്ന ആൾക്ക് ഉപചോദ്യങ്ങളും ചോദിക്കുന്നതിനുള്ള പ്രിഫറൻസ് ആദ്യത്തെ ടേൺ കഴിഞ്ഞാലും കൊടുക്കേണ്ട ആവശ്യമുണ്ടോ എന്നു് അറിഞ്ഞാൽ കൊള്ളാം?

മിസ്റ്റർ. സ്പീക്കർ : അങ്ങിനെ വേണമെന്നു് നിർബ്ബന്ധിക്കുന്നതായി ചട്ടമില്ല. എന്നാൽ ഉപചോദ്യങ്ങളും ചോദിക്കാൻ അനുവദിക്കുന്ന കാര്യത്തിൽ ആ സംഗതിയും പരിഗണിക്കാവുന്നതാണു്.

ശ്രീ. വി. കെ. വേലായുധൻ : പുതിയ ഫാക്ടറികളും ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നുണ്ടു്. അവയ്ക്കും പഴയ ഫാക്ടറികളുടെ തോതനുസരിച്ച് നൽ കൊടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനേപ്പറ്റി ആലോചിച്ചിട്ടില്ല.

വിജയമോഹിനി മില്ലിലെ ഉല്പാദനം

* ൫൦൩ (ക്രൻ). ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആഭ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) വിജയ മോഹിനി മില്ലിൽ നിന്നും ഒരു മാസം എത്ര നൽ ഉല്പാദിപ്പിക്കുന്നുണ്ടു്?

(ബി) വിജയമോഹിനി മില്ലിലെ നൽ എവിടെ വിതരണം ചെയ്തു വരുന്നു? വിതരണത്തിൽ മില്ലുകാർ അനുവർത്തിച്ചു് വരുന്ന നയം എന്തു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ശരാശരി ൩൦൦ മുതൽ ൩൫൦ വരെ ബെയിൽ നൽ ഉല്പാദിപ്പിക്കുന്നുണ്ടു്.

(ബി) തിരുവനന്തപുരം ഡിസ്ട്രിക്ടിലാണു് വിതരണം നടത്തുന്നതു്. ൨൦-ാംനമ്പർ തറികളും ഉള്ളവരുടെ തറികളും പരിശോധിച്ചു് പ്രവർത്തനത്തിലിരിക്കുന്ന എല്ലാ തറികൾക്കും കാർഡ് നൽകി ഓരോ തറിക്കും നൽ നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: വിതരണം നടത്തുന്നതു് മില്ലുടമസ്ഥന്മാർ നേരിട്ടാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മില്ലുടമസ്ഥന്മാർ നേരിട്ടാണു്. ഡിപ്പാർട്ട്മെന്റിന്റെ പരിശോധനയും അതിലുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അസിസ്റ്റാന്റ് റേഷനിംഗ് ആഫീസറന്മാർ മുഖാന്തിരം നൂൽവിതരണം നടത്തുന്നു എന്നു് മറ്റു ചോദ്യത്തിനുത്തരമായി മന്ത്രി അവർകൾ പറഞ്ഞല്ലോ. ഇപ്പോൾ വിജയമോഹിനി മില്ലുകാരാണു് അവിടെ ഉണ്ടാക്കുന്ന നൂൽ വിതരണം നടത്തുന്നതെന്നു പറയുന്നു. ഇതെങ്ങിനെയാണെന്നു് പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവിടെ ഉല്പാദിപ്പിക്കുന്ന നൂൽ അവർതന്നെ ഗവണ്മെന്റിന്റെ മേൽനോട്ടത്തിൽ വിതരണം നടത്തുകയാണെന്നാണു ഞാൻ പറഞ്ഞതു്.

ശ്രീ. ആർ. ശങ്കർ: തറികളുടെ സെൻസസ്സും മറ്റു പ്രവർത്തനങ്ങളും നടത്തുന്നതു് മിൽ മാനേജ്മെന്റു് തന്നെയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ; ഗവണ്മെന്റിന്റെ മേലനേക്ഷണത്തോടുകൂടി.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്. ഈ സംസ്ഥാനത്തു് ആവശ്യമുള്ള ഇരുപതാം നമ്പർ നൂൽ ഈ മില്ലിൽ ഉല്പാദിപ്പിക്കുന്നതിനു് മില്ലുകാരെപ്രേരിപ്പിക്കരുതോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു ചില വിഷമതകൾ ഉണ്ടു്. നമ്മുടെ രാജ്യത്തു് 20-ാം നമ്പർ നൂലാണു് വളരെ പ്രധാനമായി ആവശ്യമുള്ളതു്. ഇൻഡ്യാ ഗവണ്മെന്റു് നിയമമനുസരിച്ചു് ഈ 20-ാം നമ്പർ നൂൽ മാത്രം ഇവിടെ ഉൽപ്പാദിപ്പിക്കാമെന്നു് നിർബന്ധമില്ല. ഇന്നുള്ള കൺട്രോൾ നിബന്ധനകൾ അനുസരിച്ചു് കൂടുതൽ കൗണ്ടുള്ള നൂലുകൾ ഉണ്ടാക്കി അവയ്ക്കു് കൂടുതൽ ലാഭം ഉണ്ടാക്കാവുന്നതാണു്. അതുകൊണ്ടു് ഇൻഡ്യാഗവണ്മെന്റു് ടെക്സ്റ്റൈൽ കമ്മീഷണരുടെ സമ്മതത്തോടുകൂടി ഈ ഗവണ്മെന്റു് ആ കമ്പനിയെ കൊണ്ടു് 20-ാംനമ്പർ നൂൽ ഉണ്ടാക്കുവാൻ എപ്പാടുചെയ്കയും അവയ്ക്കു കൂടുതൽ കമ്മീഷൻ കൊടുക്കണമെന്നു് നിർദ്ദേശിക്കുകയും ചെയ്തിരിക്കുകയാണു്. അതു അവരോടുള്ള ഔദാര്യം കൊണ്ടല്ല. നമ്മുടെ നാട്ടിൽ കൂടുതൽ നൂലു് ലഭിക്കുന്നതിനു് ഈ ഉപായം നല്ലതാണെന്നു് ഗവണ്മെന്റു് വിചാരിച്ചതുകൊണ്ടാണു്.

സാഹിബു് ബഹദൂർ കെ. എ. മുഹമ്മദു്: നമുക്കു ലഭിക്കുന്ന കോട്ട 20-ാം നമ്പർ നൂലായി മാത്രം ലഭിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നമുക്കു കിട്ടേണ്ടതായ നൂൽ 20-ാംനമ്പർ മാത്രമായിരിക്കണമെന്നില്ല.

സാഹിബു് ബഹദൂർ കെ. എ. മുഹമ്മദു്: വെളിക്കു നിന്നു് നമുക്കു ലഭിക്കുന്ന നൂലിൽ 20-ാംനമ്പർ കൂടി ഉൾപ്പെടുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറെയുണ്ടാകും.

സാഹിബു് ബഹദൂർ കെ. എ. മുഹമ്മദു്: അതു് എത്ര ബെയിൽ ഉണ്ടാകും.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു മാറിക്കൊണ്ടാണിരിക്കുന്നതു്. ഇത്രയുണ്ടാകും എന്നു് കൃത്യമായി പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ஸ்ரீ. எ. சிதம்பரநாத நாடார் : விஜயமோஹனி மில்லில் நூல் விநியோகம் செய்ய ஏற்படுத்தப்பட்டிருக்கும் அர்சுனன் என்பவர் ஏதோ ஒரு மது கடமையைச் சரியாகச் செய்வதில்லை என்பது தெரியவருமா ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിവില്ല.

ஸ்ரீ. எ. சிதம்பரநாத நாடார் : அர்ஜுனன் என்பவர் ஒருவர் நூல் விநியோகம் செய்து கொண்டிருக்கிறார் என்று சர்க்காருக்குத் தெரியவருமா ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയാം.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് . ഈ സംസ്ഥാനത്തു് ഡ 0-ാം നമ്പർ നൂൽ ഉപയോഗിക്കുന്ന തറികൾ എത്രയെന്നുള്ള വിവരങ്ങൾ വല്ലതും ഗവൺമെണ്ടു് ശേഖരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശേഖരിച്ചിട്ടുണ്ടോ എന്നറിയാൻ പാടില്ല.

ആർ. ശങ്കർ : നമുക്കു് പ്രധാനമായി ആവശ്യമുള്ളതു് ഡ 0-ാം നമ്പർ നൂലായതുകൊണ്ടു് അതു് കൂടുതലായി തരണമെന്നു് ആവശ്യപ്പെടരുതോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ആവശ്യമുള്ളിടത്തോളം ഡ 0-ാം നമ്പർ നൂൽ മാത്രം ലഭിക്കുവാൻ വിഷമമാണു്.

ശ്രീ. ആർ. ശങ്കർ : ആവശ്യമുള്ളിടത്തോളം ഡ 0-ാംനമ്പർ നൂൽ തരണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഇൻഡ്യാഗവൺമെണ്ടിലേക്കു് നിവേദനം സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

ശ്രീ. കെ. എ. മുഹമ്മദ് : ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും അലോട്ടു ചെയ്യുന്നതു മുഴുവനും ഇവിടത്തെ ആവശ്യത്തിനുള്ള നൂലാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ . ഇവിടെ പ്രധാനമായി ആവശ്യമുള്ള നൂലും മറ്റു തരങ്ങളുമുണ്ടാവും. മറ്റു പ്രദേശങ്ങളിലേക്കു് അലോട്ടു ചെയ്യുന്നതുപോലെ ഈ സംസ്ഥാനത്തിനും അലോട്ടു ചെയ്യുന്നു.

ഫാക്ടറീസു് ആക്ടു്

*൩ 0൭. (ഡ ഉ) ശ്രീ. പിലിപ്പോസു് മുതലാളി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലേബർവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കണ്ണൂരിലെ ഫാക്ടറികളിൽ ഫാക്ടറീസു് ആക്ടിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നു വല്ല അന്വേഷണവും ഗവൺമെണ്ടു് നടത്തിയിട്ടുണ്ടോ;

(ബി) തൊഴിലാളികളുടെ ആരോഗ്യത്തെ സംബന്ധിക്കുന്നതായ ഫാക്ടറീസ് ആക്ടിലെ വ്യവസ്ഥകൾ മിക്ക ഫാക്ടറികളിലും പാലിക്കപ്പെടുന്നില്ല എന്നുള്ളതു് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ നില പരിഹരിക്കുന്നതിനു എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്. ചീഫ് ഇൻസ്പെക്ടർ ആഫ് ഫാക്ടറീസും ഫാക്ടറി ഇൻസ്പെക്ടറന്മാരും കൂടക്കൂടെ ഇൻസ്പെക്ഷൻ നടത്താറുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly